പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7695 23.07.2012-ൽ മറുപടിക്ക്

## സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ഉബൈദുള്ള. | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| എ) സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ (എസ്.എ.റ്റി) സംസ്ഥാനത്ത് എന്നാണ് നിലവിൽ വന്നത് ; | (എ) കേന്ദ്ര സർക്കാരിന്റെ 25.08.2010-ലെ വിജ്ഞാപനമനുസരിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 26.08.2010-ൽ നിലവിൽവന്നു. |
| ബി) സർവ്വീസ് കേസുകൾ കൈകാര്യം ചെയ്യുന്നതിന് ട്രിബ്യൂണലിൽ എത്ര ഡിവിഷൻ ബെഞ്ചുകൾ നിലവിലുണ്ട് ; | (ബി) രണ്ട് ഡിവിഷൻ ബെഞ്ചോടുകൂടിയ പ്രിൻസിപ്പൽ ബെഞ്ച് തിരുവനന്തപുരത്തും, ഒരു ഡിവിഷൻ ബെഞ്ചോടുകൂടിയ അഡീഷണൽ ബെഞ്ച് എറണാകുളത്തും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഒരു ഡിവിഷൻ ബെഞ്ച് തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. |
| സി) ഹൈക്കോടതിയിൽ ഇപ്പോഴും സർവ്വീസ് കേസുകൾ കൈകകാര്യം ചെയ്യാൻ പ്രത്യേക ബഞ്ചുകൾ നിലവിലുണ്ടോ ; | (സി) സ്പെഷ്യൽ ട്രിബ്യൂണലുകളുടെ അധികാര പരിധിയിൽ വരാത്ത സർവ്വീസ് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി ഹൈക്കോടതിയിൽ ബഞ്ചുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| ഡി) സർവ്വീസ് സംബന്ധമായ കേസുകൾ വർദ്ധിച്ചുവരുന്നതിനാൽ എത്രയുംവേഗം തീർപ്പാക്കുന്നതിനുവേണ്ടി എസ്.എ.റ്റി.യുടെ കൂടുതൽ ഡിവിഷൻ ബെഞ്ചുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ ? | (ഡി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.